# പതിമൂന്നാം കേരള നിയമസഭ

## (പത്താം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2032** **22/01/2014-ൽ മറുപടിയ്ക്ക്**

**സർക്കാർ തലത്തിൽ മത്സ്യ റീട്ടെയിൽ വിപണനകേന്ദ്രങ്ങൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന വ്യാപകമായി സർക്കാർ തലത്തിൽ മത്സ്യറീട്ടെയിൽ വിപണന കേന്ദ്രങ്ങൾ ഇല്ലാത്തതിനാൽ മത്സ്യവില വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) പ്രസ്തുത വിലവർദ്ധനവ് നിയന്ത്രിക്കുന്നതിന് ഈ സർക്കാർ ഏതെങ്കിലും പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; | (എ) യും (ബി) യും | ഇല്ല. |
| (സി) ഇല്ലായെങ്കിൽ അത്തരം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | മത്സ്യത്തൊഴിലാളികൾക്ക് ന്യായമായ വില ലഭിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും തൊഴിലാളികളെ മോചിപ്പിക്കുന്നതിനുമുതകുന്ന രീതിയിലുള്ള പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. |
| (ഡി) സർക്കാർതല റീട്ടെയിൽ മത്സ്യവിപണന കേന്ദ്രങ്ങൾ വ്യാപകമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ഡി) | കേരള സ്റ്റേറ്റ് അർബൻ ഡവലപ്മെന്റ് പ്രോഗ്രാം (KSUDP) വഴിയും എൻ.എഫ്.ഡി.ബി വഴിയും എൻ.സി.ഡി.സി വഴിയും മത്സ്യവിപണന കേന്ദ്രങ്ങൾ അനുവദിച്ച് ന്യായമായ വിലയിൽ ഗുണമേന്മയുള്ള മത്സ്യം വിതരണം ചെയ്യുവാനുള്ള പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയും എസ്.എച്ച്.ജി ഗ്രൂപ്പുകൾ വഴിയും ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ആഫീസർ